**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2020 ഏപ്രിൽ മാസത്തിൽ ടിച്ചൂർ സർജിക്കൽസ് എന്ന സ്ഥാപനം ഇൻഫ്രാറെഡ് തെർമോമീറ്ററിനായി സർക്കാരിന് ക്വട്ടേഷൻ നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | സർക്കാരിന് ക്വട്ടേഷൻ നൽകിയിട്ടില്ല. പർച്ചേസുകൾ കെ.എം.എസ്.സി.എൽ നേരിട്ടാണ് നടത്തുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും എത്ര രൂപ നിരക്കിലാണ് തെർമോമീറ്റർ വാങ്ങിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇൻഫ്രാറെഡ് തെർമോമീറ്റർ ഒരെണ്ണത്തിന് ജി.എസ്.റ്റി. ഉൾപ്പെടെ 5,390 രൂപ നിരക്കിൽ കെ.എം.എസ്.സി.എൽ വാങ്ങിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും എന്നാണ് ക്വട്ടേഷൻ ലഭിച്ചതെന്നും എന്നാണ് ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങാനായി തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ; | (സി) | ടി കമ്പനി ക്വട്ടേഷൻ നൽകിയത് 30.04.2020നാണ്. 30.04.2020-ന് തന്നെ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും തെർമോമീറ്റർ വാങ്ങുന്നതിനു മുൻപ് വിപണി വില എത്രയാണെന്ന് പരിശോധിച്ചിരുന്നോയെന്നും ആ സമയത്തെ വിപണി വില എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ലഭ്യമായ ഇൻവോയ്സിലെ എം.ആർ.പി. 7999-9898 വരെ ആണ്. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇൻഫ്രാറെഡ് തെർമോ മീറ്റർ വാങ്ങാനുള്ള തീരുമാനം അന്നത്തെ ആരോഗ്യ മന്ത്രി അംഗീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ? | (ഇ) | പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ